## കേരള സർക്കാർ
## പൊതുവിദ്യാഭ്യാസ വകുപ്പ്

# എസ്.എസ്.എൽ.സി
# സേവ് എ ഇയർ (സേ) പരീക്ഷ
# മേയ് 2013

# വിജ്ഞാപനം

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം –12

സി.ജനറൽ(1)23610/2013/സി.ജി.ഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം -12
തീയതി : 22/04/2013

# <u>വിജ്ഞാപനം</u>

വിഷയം:- എസ്.എസ്.എൽ.സി. 2013- സേവ് എ ഇയർ ('സേ') പരീക്ഷ മേയ് 2013 നടത്തിപ്പ് സംബന്ധിച്ച്.

സൂചന :- 1. ജി.ഒ.(എം.എസ്) നം. 129/2002/പൊ.വി.വ. തീയതി.28/05/2002.

2. ജി.ഒ. (ആർ.റ്റി) 4522/2004/പൊ.വി.വ. തീയതി.16/10/2004.

3. സർക്കാർ ഉത്തരവ്(സാധാ)നം.1927/98/പൊ.വി.വ. തീയതി. 22/04/2008

4. സർക്കാർ ഉത്തരവ്(സാധാ)നം. 1948/2008/പൊ.വി.വ.തീയതി.23/04/2008

5. സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 11762/99/പൊ.വി.വ. തീയതി.05/05/2009

6. സർക്കാർ ഉത്തരവ് (ആർ.റ്റി.)നം. 1681/2011/പൊ.വി.വ. തീയതി.03/05/2011

7. ജി.ഒ.(ആർ.റ്റി.)നം. 1403/2012/പൊ.വി.വ.(ജി.വകുപ്പ്) തീയതി.22/03/2012.

8. ജി.ഒ.(ആർ.റ്റി.)നം. 1653/2013/പൊ.വി.വ. തീയതി. 11/04/2013.

2013 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ റഗുലർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ പരമാവധി 2 പേപ്പറുകൾക്ക് വരെ കുറഞ്ഞത് ഡി+ ഗ്രേഡ് എങ്കിലും ലഭിക്കാത്തതിനാൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്ക് വേണ്ടി മാത്രമായി സേവ് എ ഇയർ ('സേ') പരീക്ഷ നടത്തുന്നതാണ്. 2013 മേയ് മാസം **13** മുതൽ **18** വരെയുള്ള തീയതികളിൽ സംസ്ഥാനത്തെ 38 വിദ്യാഭ്യാസ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിലാണ് 'സേ'പരീക്ഷ നടത്തുന്നത്. മാതൃകാ അപേക്ഷാ ഫോറവും ടൈംടേബിളും അനുബന്ധമായി ചേർത്തിട്ടുണ്ട്.

**<u>'സേ' പരീക്ഷ എഴുതുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

1. 2013 മാർച്ചിൽ റഗുലർ വിഭാഗത്തിൽ (SGC,ARC,CCC) പരീക്ഷ എഴുതി പരമാവധി രണ്ടു വിഷയങ്ങൾക്ക് കുറഞ്ഞത് ഡി+ ഗ്രേഡ് എങ്കിലും ലഭിക്കാത്തതുമൂലം ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്ക് മാത്രമേ 'സേ' പരീക്ഷ എഴുതുന്നതിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

2. പ്രസ്തുത പരീക്ഷയിൽ പരമാവധി രണ്ട് പേപ്പറുകൾക്ക് ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ഹാജരാകുവാൻ സാധിക്കാതെ വന്ന റഗുലർ വിദ്യാർത്ഥികൾക്കും 'സേ' പരീക്ഷ എഴുതാവുന്നതാണ്.
3. ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലായിരിക്കും 'സേ' പരീക്ഷ നടത്തുന്നത്. എന്നാൽ അപേക്ഷ വിദ്യാർത്ഥി പരീക്ഷ എഴുതിയ സെന്ററിൽ നൽകിയാൽ മതിയാവുന്നതാണ്.
4. SGC വിഭാഗത്തിന് ഐ.റ്റി. പരീക്ഷയിൽ തിയറിയും, പ്രാക്ടിക്കലും ചേർത്തായിരിക്കും 'സേ' പരീക്ഷ നടത്തുന്നത്. ഇവർക്ക് ഒരു വിദ്യാഭ്യാസ ജില്ലയിൽ ഒരു പരീക്ഷാ സെന്റർ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഇത് ജില്ലാവിദ്യാഭ്യാസ ഓഫീസർ പ്രത്യേകം അറിയിക്കുന്നതാണ്.
5. 2013 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷാ ഫലത്തിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ട് ഉപയോഗിച്ച് 'സേ' പരീക്ഷയ്ക്ക് അപേക്ഷ നൽകാവുന്നതാണ്.
6. ഗൾഫ് സ്കൂളുകളിലെ വിദ്യാർത്ഥികൾ കേരളത്തിലെ ഏതെങ്കിലും 'സേ' പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതുന്നതിലേക്കായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.
7. 'സേ' പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം അനുവദിക്കുന്നതല്ല.
8. മാർച്ചിൽ നടന്ന പൊതു പരീക്ഷയിൽ പരീക്ഷാർത്ഥിത്വം ക്യാൻസൽ ചെയ്തവർക്ക് 'സേ' പരീക്ഷയ്ക്കിരിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
9. കൂടാതെ 2013 മാർച്ചിലെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം പിതാവ്/മാതാവ്/ സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷയെഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ അവർക്ക് രണ്ടിൽ കൂടുതൽ പേപ്പർ പരീക്ഷയെഴുതുന്നതിന് അനുവാദമുണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ/ അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
10. 'സേ' പരീക്ഷയ്ക്ക് ഒരു വിഷയത്തിന് 100 രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതാണ്.
11. 'സേ' പരീക്ഷയ്ക്ക് അപേക്ഷിച്ചവരിലാരെങ്കിലും, പുനർമൂല്യനിർണ്ണയത്തിൽ ഉപരിപഠനാർഹത നേടിയതായി കണ്ടാൽ 'സേ' പരീക്ഷാഫലം പരിഗണിക്കുന്നതല്ല..

# 2013-ലെ എസ്.എസ്.എൽ.സി. 'സേ' പരീക്ഷാ തീയതിയും സമയവും

| തീയതി | സമയവും വിഷയവും | |
|---|---|---|
| 13/05/2013<br>**തിങ്കളാഴ്ച** | രാവിലെ 9.45 മുതൽ 11.30 വരെ | ഒന്നാംഭാഷ 1–ാം പേപ്പർ<br>(മലയാളം I, തമിഴ് I , കന്നട I , സംസ്കൃതം (അക്കാഡമിക്), അറബിക് (അക്കാഡമിക്), ഉറുദു, അഡീഷണൽ ഇംഗ്ലീഷ്, അഡീഷണൽ ഹിന്ദി, സംസ്കൃതം – (സംസ്കൃതം സ്കൂളുകൾക്ക്), അറബിക് (അറബിക് സ്കൂളുകൾക്ക്), ഗുജറാത്തി |
| | ഉച്ചയ്ക്കുശേഷം<br>1.45 മുതൽ 3.30 വരെ | ഒന്നാംഭാഷ 2–ാം പേപ്പർ<br>(മലയാളം– II, തമിഴ് II, കന്നട II, അറബിക് (അറബിക് സ്കൂളുകൾക്ക്) സംസ്കൃതം (സംസ്കൃതം സ്കൂളുകൾക്ക്), സ്പെഷ്യൽ ഇംഗ്ലീഷ്, ഫിഷറീസ് സയൻസ്, (ഫിഷറീസ് സ്കൂൾ വിദ്യാർത്ഥികൾക്ക്.) |
| 14/05/2013<br>**ചൊവ്വ** | രാവിലെ 9.45 മുതൽ 12.30 വരെ | ഇംഗ്ലീഷ് |
| | ഉച്ചയ്ക്കുശേഷം 1.45 മുതൽ 3.30 വരെ | ഹിന്ദി/ജനറൽ നോളജ് |
| 15/05/2013<br>**ബുധൻ** | രാവിലെ 9.45 മുതൽ 12.30 വരെ | സോഷ്യൽ സയൻസ് |
| | ഉച്ചയ്ക്കുശേഷം 1.45 മുതൽ 3.30 വരെ | ഫിസിക്സ് |
| 16/05/2013<br>**വ്യാഴം** | രാവിലെ 9.45 മുതൽ 12.30 വരെ | കണക്ക് |
| | ഉച്ചയ്ക്കുശേഷം 1.45 മുതൽ 3.30 വരെ | ബയോളജി |
| 17/05/2013<br>**വെള്ളി** | രാവിലെ 9.45 മുതൽ 11.30 വരെ | കെമിസ്ട്രി |
| 18/05/2013<br>**ശനി** | രാവിലെ 10 മുതൽ | ഇൻഫർമേഷൻ ടെക്നോളജി |

പരീക്ഷാ ഫീസ് ഓരോ പേപ്പറിനും - 100/- രൂപ

ഹെഡ്മാസ്റ്റർ അപേക്ഷ സ്വീകരിക്കുന്ന തീയതി - 25/4/13 മുതൽ 30/4/13, 1 pm വരെ

അപേക്ഷകർ പൂരിപ്പിച്ച അപേക്ഷയോടൊപ്പം പരീക്ഷ എഴുതി ലഭിച്ചിട്ടുള്ള ഗ്രേഡ് വ്യക്തമാക്കുന്ന കമ്പ്യൂട്ടർ പ്രിന്റ് ഔട്ടും 2013 മാർച്ചിൽ പരീക്ഷ എഴുതിയ പരീക്ഷാ കേന്ദ്രത്തിലെ ഹെഡ്മാസ്റ്റർക്ക് സമർപ്പിക്കേണ്ടതാണ്.

പരീക്ഷാർത്ഥികൾ യാതൊരു കാരണവശാലും പരീക്ഷാ ഫീസ് പണമായോ ചെക്കായോ മറ്റു വിധത്തിലോ പരീക്ഷാഭവനിലേയ്ക്ക് അയയ്ക്കുവാൻ പാടില്ല. പരീക്ഷാർത്ഥികൾ 2013 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ പരീക്ഷാ കേന്ദ്രത്തിലെ പ്രഥമാദ്ധ്യാപകന് പരീക്ഷാഫീസ് അപേക്ഷയോടൊപ്പം പണമായി നൽകേണ്ടതാണ്. അപേക്ഷാഫാറം പരീക്ഷാഭവന്റെ www.keralapareekshabhavan.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

IED കുട്ടികൾക്ക് മാർച്ചിലെ പരീക്ഷയ്ക്ക് ലഭിച്ച ആനുകൂല്യം 'സേ' പരീക്ഷയ്ക്കും ലഭിക്കുന്നതാണ്. ഇതിനായി DPI-യിൽ നിന്നും ലഭിച്ച ഉത്തരവിന്റെ കോപ്പി കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## ഹാൾ ടിക്കറ്റ് വിതരണം

'സേ' പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ ഹാൾ ടിക്കറ്റുകൾ പരീക്ഷാഭവൻ വെബ്സൈറ്റിൽ നിന്നും down load ചെയ്ത് മേയ് 10-ാം തീയതിയ്ക്കു മുമ്പ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യുന്നതാണ്. രണ്ടിൽ കൂടുതൽ വിഷയങ്ങൾ പരീക്ഷ എഴുതുന്നവർക്ക് Blank Hall Ticket download ചെയ്തെടുത്ത് പരീക്ഷാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയാണ് വിതരണം ചെയ്യേണ്ടത്. 2013 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് അനുവദിച്ച രജിസ്റ്റർ നമ്പർ തന്നെയാണ് 'സേ' പരീക്ഷയുടേയും രജിസ്റ്റർ നമ്പർ.

## സർട്ടിഫിക്കറ്റ്

'സേ' പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് 2013 മാർച്ചിലെ സർട്ടിഫിക്കറ്റിനു പകരം പുതിയ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. **പരീക്ഷാർത്ഥികൾക്ക് മാതൃവിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകർ മുഖേനയാണ് 'സേ' പരീക്ഷാ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത്.** ഇതിനായി പഴയ സർട്ടിഫിക്കറ്റുകൾ അതാതു പരീക്ഷാ കേന്ദ്രങ്ങളിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്. ഫലം പ്രസിദ്ധപ്പെടുത്തി 3 മാസത്തിനകം പരീക്ഷാർത്ഥികൾ 'സേ' പരീക്ഷാ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുന്നില്ലെങ്കിൽ ആയത് പരീക്ഷാഭവൻ സെക്രട്ടറിയുടെ പേർക്ക് തിരികെ അയച്ചു തരേണ്ടതാണ്.

## അപേക്ഷകളുടെ രജിസ്ട്രേഷൻ

അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്ന അപേക്ഷാഫോറമാണ് 'സേ' പരീക്ഷയുടെ രജിസ്ട്രേഷനായി 2013 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ സ്കൂളിൽ 30/04/13, 1 മണിക്ക് മുമ്പായി നൽകേണ്ടത്. ഓരോ സ്കൂളിലും ഈ രീതിയിൽ ലഭിക്കുന്ന അപേക്ഷകൾ അതാത് സ്കൂൾ പ്രഥമാദ്ധ്യാപകർ ഒരുമിച്ച് ബന്ധപ്പെട്ട 'സേ' പരീക്ഷാ കേന്ദ്രത്തിൽ **30/04/2013 ന് വൈകുന്നേരം 4 മണിക്ക്** മുമ്പായി സമർപ്പിക്കണം. ജില്ലാ വിദ്യാഭ്യാസ ആഫീസർമാരാണ് പരീക്ഷാ കേന്ദ്രങ്ങൾ തെരെഞ്ഞെടുക്കുന്നത്. അപ്രകാരം തെരെഞ്ഞെടുത്ത 'സേ' പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ അപേക്ഷാ ഫോറം സ്വീകരിച്ച് **05/05/2013 വൈകുന്നേരം 5 മണിക്ക്** മുമ്പായി www.keralapareekshabhavan.in എന്ന വെബ്സൈറ്റുവഴി ഓൺലൈൻ രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

**രണ്ടിൽ കൂടുതൽ പേപ്പറുകൾ എഴുതുന്നതിനായി 'സേ' പരീക്ഷക്ക് അപേക്ഷിക്കുന്നവരുടെ വിവരങ്ങൾ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യാനാവില്ല.** ഇത്തരം പരീക്ഷാർത്ഥികളുടെ വിവരങ്ങൾ അനുബന്ധം 'സി' ആയി നൽകിയിട്ടുള്ള ഫോറത്തിൽ രേഖപ്പെടുത്തി **05/05/2013 വൈകുന്നേരം 5 മണിക്ക് മുമ്പായി** cgeasection@gmail.com എന്ന അഡ്രസ്സിൽ ഇ മെയിൽ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ പരീക്ഷ എഴുതുന്നവർക്ക് കൂടി ആവശ്യമായ ചോദ്യപേപ്പറുകളുടെ ആകെ എണ്ണമാണ് Question paper statement- ൽ രേഖപ്പെടുത്തേണ്ടത്. **രണ്ടിൽ കൂടുതൽ പേപ്പർ എഴുതുന്ന ആരും ഇല്ലെങ്കിൽ 'സി' ഫോറത്തിൽ NIL രേഖപ്പെടുത്തി മെയിൽ ചെയ്യേണ്ടതാണ്.**

**'സേ' പരീക്ഷ എഴുതാൻ അർഹതയുള്ളവരെ മാത്രമേ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യിക്കാവൂ. മാത്രമല്ല അർഹതയുള്ള വിഷയങ്ങൾക്ക് മാത്രമാണ് പരീക്ഷാർത്ഥി അപേക്ഷിക്കുന്നതെന്ന് ഓരോ സ്കൂൾ പ്രഥമാദ്ധ്യാപകനും 'സേ' പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടും ഉറപ്പാക്കേണ്ടതുമാണ്.**

2013 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് റഗുലർ വിഭാഗത്തിൽ സ്കൂൾ ഗോയിംഗ് (SGC), കാൻഡിഡേച്ചർ കാൻസൽഡ് കാൻഡിഡേറ്റ്സ് (CCC), അറ്റൻഡൻസ് റീക്യൂപ്ഡ് കാൻഡിഡേറ്റ്സ് (ARC), എന്നീ ഉപ വിഭാഗങ്ങളാണ് ഉണ്ടായിരുന്നത്. ഇതിൽ

ഐ.റ്റി വിഷയത്തിൽ സ്കൂൾ ഗോയിംഗ് കാൻഡിഡേറ്റ്സിന് തീയറി പ്രാക്ടിക്കലിനൊപ്പം കമ്പ്യൂട്ടറിലും മറ്റു രണ്ട് ഉപ വിഭാഗങ്ങൾക്ക് തീയറി എഴുത്തുപരീക്ഷയുമായാണ് നടത്തിയത്. SGC വിഭാഗത്തിൽ IT വിഷയത്തിന്റെ 'സേ' പരീക്ഷ ജില്ലയിൽ പ്രത്യേക സെന്ററിൽ നടത്തപ്പെടുന്നതിനാൽ ഇവരുടെ വിവരം ഡിഇഒ ഓഫീസിലാണ് നൽകേണ്ടത്. ARC, CCC വിഭാഗങ്ങൾക്ക് എഴുത്തുപരീക്ഷ ഉള്ളതിനാൽ ചീഫ് സൂപ്രണ്ടുമാർ അവരുടെ എണ്ണം മാത്രം Question Paper Statement ൽ ഉൾപ്പെടുത്തിയാൽ മതിയാവുന്നതാണ്.

പരീക്ഷ എഴുതുന്നവരുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 'ബി'** ആയി നൽകിയിരിക്കുന്ന കൺസോളിഡേറ്റ് ക്വസ്റ്റ്യൻ പേപ്പർ സ്റ്റേറ്റ്മെന്റിൽ തയ്യാറാക്കി 'സേ' പരീക്ഷാകേന്ദ്രം സൂപ്രണ്ട് **05/05/2013 വൈകുന്നേരം 5 മണിക്ക്** മുമ്പായി cgeasection@gmail.com എന്ന അഡ്രസ്സിൽ ഇ–മെയിൽ ചെയ്യേണ്ടതാണ്.

CCC/ARC വിഭാഗത്തിൽ ആരുംതന്നെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ **കൺസോളിഡേറ്റ് ക്വസ്റ്റ്യൻ പേപ്പർ സ്റ്റേറ്റ്മെന്റിൽ** പ്രസ്തുത വിഭാഗങ്ങൾക്ക് നൽകിയിരിക്കുന്ന കോളത്തിൽ നിർബന്ധമായും NIL എന്നു രേഖപ്പെടുത്തേണ്ടതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എല്ലാവരും കൃത്യമായി പാലിക്കേണ്ടതാണ്.

(ഒപ്പ്)

**ജോൺസ് വി ജോൺ**
**സെക്രട്ടറി**

## അനുബന്ധം – എ

## എസ്.എസ്.എൽ.സി. 'സേ' പരീക്ഷ – മെയ് 2013

## അപേക്ഷാഫാറം

പരീക്ഷാർത്ഥി ഉൾപ്പെടുന്ന വിഭാഗം(√) ചെയ്യുക

| SGC | ARC | CCC |
|---|---|---|
| | | |

1. 'സേ' പരീക്ഷാ കേന്ദ്രത്തിന്റെ നമ്പരും പേരും ..................................
2. പരീക്ഷാർത്ഥിയുടെ പേര് ..................................
3. 2013 മാർച്ചിലെ പരീക്ഷയ്ക്ക് ലഭിച്ച രജിസ്റ്റർ നമ്പർ
4. പരീക്ഷ എഴുതുന്ന മാധ്യമം ..................................
5. 2013 .മാർച്ചിൽ പരീക്ഷ എഴുതിയ സെന്ററിന്റെ നമ്പറും പേരും ..................................

6. പരീക്ഷയ്ക്ക് എഴുതുന്ന പേപ്പറുകൾ ****(ഡി + ഗ്രേഡിന് താഴെ ലഭിച്ച 2 പേപ്പറുകൾ)

| ക്രമ നമ്പർ | പരീക്ഷയെഴുതുന്ന വിഷയത്തിന്റെ പേര് | ലഭിച്ച ഗ്രേഡ് (03/2013–ൽ) |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

***2013 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ അപകടം, ഗുരുതരമായ രോഗം, പിതാവ്/മാതാവ്/ സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷയെഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവർക്ക് മാത്രമേ രണ്ടിൽ കൂടുതൽ പേപ്പർ പരീക്ഷയെഴുതുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇതിനായി വില്ലേജ് ഓഫീസർ/ അംഗീകൃത ഡോക്ടറുടെ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

7. IED വിഭാഗത്തിൽ ഉൾപ്പെടുന്നുണ്ടോ – ഉണ്ട്/ഇല്ല
8. എങ്കിൽ വിഭാഗവും ലഭിച്ച ആനുകൂല്യങ്ങളും –
   (DPI യുടെ ഉത്തരവിന്റെ കോപ്പി സമർപ്പിക്കേണ്ടതാണ്)

9. പരീക്ഷാഫീസ് Rs. ………/- ( ………… മാത്രം)

10. രക്ഷകർത്താവിന്റെ പേര് ………………………………

11. പൂർണ്ണ മേൽവിലാസവും ഫോൺ നമ്പറും ………………………………

………………………………

………………………………

മേൽ പ്രസ്താവിച്ച വസ്തുതകൾ സത്യമാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തീയതി :

**പരീക്ഷാർത്ഥിയുടെ ഒപ്പ്**

================================================================================

മാതൃവിദ്യാലയത്തിലെ ഓഫീസ് ഉപയോഗത്തിന്

1. അപേക്ഷ ലഭിച്ച തീയതി –
2. അപേക്ഷാർത്ഥിക്ക് IED വിഭാഗത്തിലെ എന്തെങ്കിലും ആനുകൂല്യത്തിന് അർഹതയുണ്ടോ? –
3. എങ്കിൽ വിഭാഗവും ലഭിച്ച ആനുകൂല്യങ്ങളും –

(DPI യുടെ ഉത്തരവിന്റെ കോപ്പി സമർപ്പിക്കേണ്ടതാണ്)

അപേക്ഷ പരിശോധിച്ച് നൽകിയിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു

ഹെഡ്മാസ്റ്ററുടെ ഒപ്പ്

================================================================================

സേ പരീക്ഷാ കേന്ദ്രത്തിലെ ഓഫീസ് ഉപയോഗത്തിന്

1. അപേക്ഷ ലഭിച്ച തീയതി :
2. അപേക്ഷയിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ സർട്ടിഫിക്കറ്റുമായി ഒത്തു നോക്കിയ ഉദ്യോഗസ്ഥന്റെ ഒപ്പ് :
3. അനുവദിച്ച രജിസ്റ്റർ നമ്പർ :
4. ചീഫ് സൂപ്രണ്ടിന്റെ ഒപ്പ് :

**Appendix-B**

**STATEMENT OF CANDIDATES APPEARING FOR THE SSLC 'SAY' EXAMINATION MAY 2013**

Centre Code ………………………………………………… Name of Educational District ………………………………..

Name of Centre…………………………………………….. Phone No.of School (with STD Code)………………………

**PART I- LANGUAGES**

| Sl. No | Category | Boys | Girls | Total | First Language Part -I | | | | | | | | | | | First Language Part II | | | | | | | Second Language | Third Language | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | Malayalam | Tamil | Kannada | Arabic (Academic) | Sanskrit (Academic) | Additional English | Additional Hindi | Urdu | Gujarathi | Arabic I (Oriental) | Sanskrit I (Oriental) | Malayalam | Tamil | Kannada | Special English | Arabic II (Oriental) | Sanskrit II (Oriental) | Fisheries Science | English | Hindi | G.K. |
| 1 | School Going | | | | | | | | | | | | | | | | | | | | | | | | |
| 2 | ARC | | | | | | | | | | | | | | | | | | | | | | | | |
| 3 | CCC | | | | | | | | | | | | | | | | | | | | | | | | |
| **Total** | | | | | | | | | | | | | | | | | | | | | | | | | |

**PART II- SUBJECTS**

| Sl. No. | Category | Social Science | | | | Physics | | | | Chemistry | | | | Biology | | | | Mathematics | | | | Information Technology | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Medium | M | E | T | K | M | E | T | K | M | E | T | K | M | E | T | K | M | E | T | K | M | English | T | K |
| 1 | School Going | | | | | | | | | | | | | | | | | | | | | | | | |
| 2 | ARC | | | | | | | | | | | | | | | | | | | | | | | | |
| 3 | CCC | | | | | | | | | | | | | | | | | | | | | | | | |
| **Total** | | | | | | | | | | | | | | | | | | | | | | | | | |

Place

Date

Signature of the Chief Supdt.

Name

Mobile Phone No.

School Seal

NB: Statement should be e-mailed in the Id 'cgeasection@gmail.com' on or before 05/05/2013

## Appendix-C

**SSLC SAY EXAMINATION - 2013**

**LIST OF CANDIDATES APPEARING FOR MORE THAN TWO PAPERS**

| Sl. No | Reg. No. (March 2013) | Name of Candidate | First Language (Specify Language) | | Put ( ✓ ) mark in appropriate coloum | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | Part-I | Part-II | II Lan. | III Lan | Subjects | | | | | |
| | | | | | Eng. | Hindi/ GS | SS | Phy | Che. | Bio. | Maths | IT |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |
| | | | | | | | | | | | | |

Place:
Date:

**Name & Signature of Chief Superintendent**